


# യഥാർത്ഥ അറിവ് പശ്ചാത്താപത്തിന്

നിയമാ. 4: 1–8; ഏശ. 2: 1–5; 1 കോറി 10: 23–31; ലൂക്കാ 12: 57–13:5

ബ്ര. നിധിൻ മറ്റത്തിൽ MCBS

Vol. 11, Issue: 64

**പ**രിശുദ്ധാത്മാവിന്റെ പ്രവർത്തനഫലമായി ഈ ലോകത്തിന്റെ നാനാദിക്കുകളിലേക്ക് അനേകം ആത്മാക്കളെ നേടാനായി ഇറങ്ങിത്തിരിച്ച ശ്ലീഹന്മാരുടെ പ്രവർത്തനങ്ങളെ അനുസ്മരിക്കുന്ന ശ്ലീഹാക്കാലത്തിന്റെ ആറാമത്തെ ആഴ്ചയിലേക്ക് നാം ഇന്ന് പ്രവേശിക്കുകയാണ്. പരിശുദ്ധാത്മാവിന്റെ ദാനങ്ങളിലൊന്നായ അറിവിലൂടെ നാം പശ്ചാത്താപത്തിലേക്ക് കടന്നുവരേണ്ടതിന്റെ ആവശ്യകതയെയാണ് സഭ ഇന്ന് നമുക്ക് വിചിന്തനത്തിനായി നൽകുന്നത്.

മാതാ-പിതാ-ഗുരു ദൈവം എന്നത് ഒരു ഭാരതീയ ദർശനമാണ്. മാതാപിതാക്കളെയും ഗുരുവിനെയും ദൈവതുല്യം കാണുന്ന സംസ്കാരം. മാതാപിതാക്കളും ഗുരുഭൂതരും നമുക്ക് പഠനത്തിലൂടെയും ജീവിതമാതൃകകളിലൂടെയും അറിവ് പകർന്നുതരുന്നവരാണ്. അറിവുകൾ തിരിച്ചറിവുകളിലേയ്ക്ക് നമ്മെ നയിക്കുന്നു. പാപത്തെക്കുറിച്ച് ശരിയായ അറിവ് ലഭിക്കുമ്പോഴാണ് നാം യഥാർത്ഥമായ പശ്ചാത്താപത്തിലേക്ക് നീങ്ങുന്നത്. പൂർണ്ണമായ അറിവ് ഒരാളെ മോക്ഷത്തിലേക്ക് നയിക്കുന്നു എന്ന ഭാരതീയ തത്വശാസ്ത്രം പോലെ തെറ്റായ അറിവ് നമ്മെ അപൂർണ്ണതയിലേക്കും അതുവഴി തിന്മയിലേക്കും നയിക്കുന്നു. യഥാർത്ഥമായ അറിവ് പൂർണ്ണതയിലേക്കും.

ഇന്നത്തെ സുവിശേഷഭാഗം ആരംഭിക്കുന്നതു തന്നെ "എന്തുകൊണ്ട് നിങ്ങൾ ശരിയായി വിധിക്കുന്നില്ല" എന്ന പരാതിയോടെയാണ്. തെറ്റായ വിധികൾ പലരെയും നാശത്തിലേക്ക് നയിച്ചിട്ടുണ്ട്. അതുകൊണ്ട് യഥാർത്ഥമായ അറിവിലൂടെ പശ്ചാത്താപത്തിലേക്ക് കടന്നുവന്ന് പുതിയ സൃഷ്ടിയാകാൻ സഭ ഇന്ന് നമ്മോട് ആവശ്യപ്പെടുന്നു.

നിത്യഗുരുവായ ദൈവം പഠിപ്പിച്ചതും നിർദ്ദേശിച്ചതുമായ കാര്യങ്ങളെ പിന്തുടരാനും അനുസരിക്കാനുമാണ് മോശ ഇസ്രായേൽ

ജനത്തോട് പറയുന്നതെന്ന് ഒന്നാം വായനയിൽ നാം ശ്രവിച്ചു. തിന്മയുടെമേൽ വിജയം വരിക്കാനുള്ള ഏകവഴിയായി ദൈവം നൽകിയ കൽപനകളെ മോശ ഇസ്രായേൽ ജനത്തിനു കൈമാറി. കൽപനകൾ അനുസരിക്കുന്നതുവഴി മറ്റു ജനതകളുടെ ദൃഷ്ടിയിൽ ഇസ്രായേൽ ജനത ജ്ഞാനികളും വിവേകികളുമാകുമെന്ന് മോശ പറഞ്ഞു. ഇസ്രായേൽ ജനതയുടെ യാത്രയിലുടനീളം കൽപനകൾ അനുസരിച്ച് അവർ നീങ്ങിയപ്പോൾ ദൈവം അവരെ സഹായിച്ചു. എപ്പോഴെല്ലാം ഈ കൽപനകളിൽ നിന്ന് വ്യതിചലിച്ച് തിരിച്ചറിവില്ലാതെ പെരുമാറിയോ അപ്പോഴെല്ലാം ദൈവം അവരെ ശിക്ഷിച്ചു. പക്ഷേ അത് ശിക്ഷയല്ല മറിച്ച് ശിക്ഷണമായിരുന്നു. യഥാർത്ഥമായ അറിവിലൂടെ പശ്ചാത്താപത്തിലേക്ക് കടന്നുവന്ന് ദൈവത്തിന്റെ സ്വന്തം ജനമായിത്തീരുന്നതിനുള്ള   ശിക്ഷണം.

അറിവുള്ളവരെയാണ് വിധികർത്താവായി നാം കാണാറുള്ളത്. ശരിയായ വിധി കർത്താവിൽ നിന്നാണ് വരുന്നതെന്ന് ഏശയ്യാ പ്രവാചകനിലൂടെ നാം ശ്രവിച്ചു. വാദപ്രതിവാദങ്ങൾ ഉയരുമ്പോൾ ശരിയായത് തെരഞ്ഞെടുത്ത് വിധി നടത്തുന്ന വിധികർത്താവായി ഏശയ്യാ പ്രവാചകൻ ദൈവത്തെ ചിത്രീകരിക്കുന്നു. തെറ്റിൽ കഴിയുന്നവർ തിരിച്ചറിവ് ലഭിച്ച് പശ്ചാത്താപത്തിലൂടെ ദൈവത്തിൽ എത്തിച്ചേരുമെന്നാണ് ഏശയ്യാ പ്രവാചകൻ പ്രത്യാശിക്കുന്നത്.

തനിക്ക് ലഭിച്ചിരിക്കുന്ന അറിവാണ് ഈ ലോകത്തിൽ വലുതെന്നു കരുതി അഹങ്കരിക്കുകയും ക്രിസ്ത്യാനികളെ പീഡിപ്പിക്കുകയും ചെയ്തിരുന്ന സാവൂൾ, പരിശുദ്ധാത്മാവിന്റെ ദാനമായ അറിവിനാൽ നിറഞ്ഞപ്പോൾ തനിക്ക് അതുവരെ ലഭിച്ചിരുന്ന സ്വാർത്ഥമായ അറിവുകൾ വെടിഞ്ഞ്, പശ്ചാത്തപിച്ച് ജ്ഞാനസ്നാനം സ്വീകരിച്ച് പൗലോസ് ശ്ലീഹായായി. അനേകം ആത്മാക്കളെ നേടി ദൈവമഹത്വത്തിനായി തന്റെ പ്രവർത്തനങ്ങളെ മാറ്റിവച്ചു. പരിശുദ്ധാത്മാവിലൂടെ ദാനമായി ലഭിക്കുന്ന യഥാർത്ഥമായ അറിവ് നമ്മെ മാറ്റങ്ങൾക്ക് വിധേയമാക്കുമെന്ന് പൗലോസ് അപ്പസ്തോലന്റെ അത്ഭുതകരമായ ജീവിതം നമുക്ക് കാണിച്ചുതരുന്നു. 'ഇനി മുതൽ ഞാനല്ല, ക്രിസ്തു എന്നിൽ ജീവിക്കുന്നു' എന്ന് പൗലോസ് ശ്ലീഹാ പറയുന്നതു തന്നെ ഇതിന് ഏറ്റവും വലിയ ഉദാഹരണമാണ്.

വർത്തമാന കാലത്തിൽ ഓരോ മഹാമാരിയോടും പൊരുതി ജീവിക്കുമ്പോൾ നമ്മുടെയുള്ളിൽ തോന്നിപ്പോകുന്ന ഒരു ചോദ്യമാണ് എന്തുകൊണ്ട് ദൈവം നീതിമാന്മാരെ പെട്ടെന്ന് തിരികെ വിളിക്കുന്നു എന്ന ചോദ്യം. ഈ ചോദ്യത്തിന് ആസ്പദമായ രണ്ടു സംഭവങ്ങൾ ഇന്നത്തെ സുവിശേഷത്തിൽ നമുക്ക് കാണാൻ സാധിക്കും. ഈ ചോദ്യത്തിന് ഉത്തരമായി ഈശോ നമ്മോട് ഒരു മറുചോദ്യമാണ്   ചോദിക്കുന്നത്: "എന്തുകൊണ്ട് നിങ്ങൾ ശരിയായി വിധിക്കുന്നില്ല?" മിഥ്യാധാരണകളിൽ നിന്ന് പുറപ്പെടുന്നതൊന്നും ശരിയായിത്തീരണമെന്നില്ല. നിങ്ങൾ വിധിക്കരുത് എന്ന് ഈശോ പറയുന്നത് അതുകൊണ്ടാണ്. പലപ്പോഴും അഹങ്കാരത്തോടെയാണ് നാം വിധി കൽപിക്കുന്നത്. എളിമയോടും വിനയത്തോടും കൂടി ദൈവസന്നിധിയിൽ മാനസാന്തരപ്പെട്ടു നിൽക്കുമ്പോൾ അവിടെ നാം പരിശുദ്ധാത്മാവിനാൽ നിറയും. വിശുദ്ധ കുർബാനയിൽ നാം സ്വീകരിക്കുന്ന ഗോതമ്പ് അപ്പത്തിൽ ഈശോ സന്നിഹിതനാണെന്ന തിരിച്ചറിവിലേക്ക് നാം വളരുമ്പോൾ അവിടെ നമുക്ക് സക്കേവൂസിനെപ്പോലെ മാനസാന്തരപ്പെട്ട് അവിടുത്തെ സ്നേഹത്തിലേക്കും കരുതലിലേക്കും വളരാനായി സാധിക്കും.

മിഥ്യാധാരണകളിലും തെറ്റായ അറിവുകളിലും തടഞ്ഞുവീഴാതെ യഥാർത്ഥമായ അറിവും ബുദ്ധിയും തരണമേ എന്ന് അവിടുത്തോട് പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യാം.